പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2940 **29-10-2026-ൽ മറുപടിയ്ക്ക്**

അങ്കമാലി റസ്റ്റ് ഹൗസ് മാനേജർ തസ്തിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ബിനിമോൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) എറണാകുളം ജില്ലയിൽ അങ്കമാലി പൊതുമരാമത്ത് റസ്റ്റ് റസ്റ്റ് ഹൗസ് കെട്ടിട സമുച്ചയത്തിൽ ആകെ എത്ര മുറികളാണ് ഉള്ളതെന്നും 2021 മുതൽ 2026 മാർച്ച് വരെ എത്ര രൂപ വരുമാനം ലഭിച്ചുവെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: അങ്കമാലി പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രത്തിൽ 16 മുറികൾ ആണുള്ളത്. 2021 മുതൽ 2026 മാർച്ച് വരെയുള്ള ആകെ വരുമാനം 74,83,819/- രൂപയാണ്. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

നമ്പർ	സാമ്പത്തിക വർഷം	തുക
1	2021-2022	₹ 2,70,521/-
2	2022-2023	₹ 8,41,804/-
3	2023-2024	₹ 21,61,260/-
4	2024-2025	₹ 20,55,422/-
5	2025-2026	₹ 21,54,812
ആകെ		**₹ 74,83,819/-**

(ബി) അങ്കമാലി റസ്റ്റ് ഹൗസിന്റെ കെയർ ടേക്കറുടെ തസ്തിക, മാനേജർ തസ്തികയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: കോട്ടയം കെട്ടിട വിഭാഗം കാര്യാലയത്തിന് കീഴിൽ വരുന്ന ക്ലാസ് II കാറ്റഗറിയിൽ ഉൾപ്പെട്ട പാലാ റസ്റ്റ് ഹൗസിൽ കെയർടേക്കർ തസ്തികയ്ക്ക് പകരം മാനേജർ തസ്തികയാണ് 2004 മുതൽ നിലവിലുള്ളത്. അത് പോലെ എറണാകുളം കെട്ടിട വിഭാഗത്തിന് കീഴിലുള്ള അങ്കമാലി ക്ലാസ് I റസ്റ്റ് ഹൗസിൽ മാനേജർ തസ്തികയ്ക്ക് പകരം കെയർടേക്കർ തസ്തികയാണ് നിലവിലുള്ളത്. ആയതിനാൽ, പാലാ ക്ലാസ് II റസ്റ്റ് ഹൗസിലെ മാനേജർ തസ്തികയും അങ്കമാലി ക്ലാസ് I റസ്റ്റ് ഹൗസിലെ കെയർടേക്കർ തസ്തികയും പരസ്പരം മാറ്റി അനുവദിക്കണമെന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ്

എഞ്ചിനീയർ 30/9/2026 ലെ CEPWD/KTM/44/2026-AB3-PWD നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ 07.10.2026ലെ PWD/A1/187/2026-PWD നമ്പർ കത്ത് പ്രകാരം ചീഫ് എൻജിനീയറിൽ നിന്നും കൂടുതൽ വിവരങ്ങൾ തേടിയിരിക്കുകയാണ് .

(സി) ഇത് സംബന്ധിച്ച് 27.12.2021-ൽ എ1/റസ്റ്റ് ഹൗസ്/ജനറൽ/2021 നമ്പരായി കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിട വിഭാഗം) അധിക സാമ്പത്തിക ബാധ്യതയില്ലാത്തവിധം സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ അംഗീകരിച്ച് അങ്കമാലി റസ്റ്റ് ഹൗസ് മാനേജർ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ